3171/ഇ8/18

ഭരണഭാഷ - മാതൃഭാഷ

ചീഫ് എഞ്ചിനീയറുടെ കാര്യാലയം
തദ്ദേശ സ്വയംഭരണ വകുപ്പ്
റവന്യൂ കോംപ്ലക്സ്, മൂന്നാം നില
പബ്ലിക് ആഫീസ് ബിൽഡിംഗ്
തിരുവനന്തപുരം 33 -

Phone : 0471 - 2324951
0471 - 2325071
Tele FAX : 0471 - 2324951
e-mail : celsgd@gmail.com
website : www.celsgd.kerala.gov.in

**നം. ഡിബി3-4620/2012/സിഇ/തസ്വഭവ** **തീയതി 26.11.2018**

# സർക്കുലർ

വിഷയം : തസ്വഭവ - റോഡ് നിർമ്മാണത്തിൽ ബിറ്റുമിനോടൊപ്പം പ്ലാസ്റ്റിക് കൂടി ഉൾപ്പെടുത്തുന്നത് - സംബന്ധിച്ച്

സൂചന : ഈ ഓഫീസിലെ 22.02.2018-ലെ ഇതേ നമ്പർ സർക്കുലർ

മേൽ സൂചന പ്രകാരം 2018-19 സാമ്പത്തിക വർഷം എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും നടപ്പിലാക്കുന്ന 25% റോഡ് ടാറിംഗ് പ്രവൃത്തികളിൽ shredded plastic കൂടി ഉൾപ്പെടുത്തി ടാറിംഗ് പ്രവൃത്തി നിർവ്വഹിക്കുന്നതിന് നിർദ്ദേശം നൽകിയിരുന്നു.

2018-19 സാമ്പത്തികവർഷത്തെ പ്രവൃത്തികൾക്ക് സാങ്കേതികാനുമതി നൽകുമ്പോൾ തദ്ദേശ സ്വയംഭരണ സ്ഥാപനം തിരിച്ച് മേൽക്കാര്യം സാങ്കേതികാനുമതി നൽകുന്ന ഉദ്യോഗസ്ഥൻ ഉറപ്പുവരുത്തേണ്ടതും, shredded plastic ഉപയോഗിച്ച് സാങ്കേതികാനുമതി നൽകിയ വിശദാംശങ്ങൾ ഈ കാര്യാലയത്തിന്റെ ഔദ്യോഗിക വെബ് സൈറ്റായ www.celsgd.kerala.gov.in-ലെ "proforma page"-ൽ പ്രസിദ്ധീകരിച്ചിട്ടുള്ള Google sheet proforma-P-1022-ൽ രേഖപ്പെടുത്തി സമർപ്പിക്കുന്നതിന് നിർദ്ദേശിച്ചിരുന്നു. ടി proforma-യിൽ ആവശ്യപ്പെട്ടിട്ടുള്ള വിവരങ്ങൾ **28.11.2018-ന്** മുൻപായി നിർബന്ധമായും രേഖപ്പെടുത്തേണ്ടതാണ്.

റോഡ് നിർമ്മാണ പ്രവൃത്തികളുടെ ആവശ്യത്തിനായി shredded plastic ഉത്പാദിപ്പിക്കുന്നതിന് സംസ്ഥാനത്തെ നഗരസഭകളിലും, ബ്ലോക്ക്പഞ്ചായത്തുകളിലും യൂണിറ്റുകൾ സ്ഥാപിച്ച് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ഈ സാമ്പത്തികവർഷത്തേയ്ക്ക് ആവശ്യമായി വരുന്ന shredded plastic കൃത്യമായി supply ചെയ്യാൻ കഴിയുന്നതാണെന്ന് Clean Kerala Company-യിൽ നിന്നും അറിയിച്ചിട്ടുണ്ട്. Shredded plastic കിലോഗ്രാമിന് 20/- രൂപ എന്ന നിരക്കിൽ വാങ്ങുന്നതിന് മാനേജിംഗ് ഡയറക്ടർ, Clean Kerala Company Ltd. എന്ന പേരിൽ മുൻകൂറായി Demand draft ആയി പണമടയ്ക്കേണ്ടതാണ്. ഇതുമായി ബന്ധപ്പെട്ട കൂടുതൽ വിവരങ്ങൾ അറിയുന്നതിന് Clean Kerala Company-യിലെ അസിസ്റ്റന്റ് മാനേജർ ശ്രീ. ശ്രീജിത്ത്-നെ **7558086677** എന്ന നമ്പരിൽ ബന്ധപ്പെടാവുന്നതാണ്.

ഈ സാമ്പത്തിക വർഷം മേൽ പ്രകാരം shredded plastic വിനിയോഗിച്ച് റോഡ് ടാറിംഗ് പ്രവൃത്തികൾ നടപ്പിലാക്കുന്നതിന് നിർദ്ദേശം നൽകുന്നു. മേൽ പ്രകാരം ബ്ലോക്ക്പഞ്ചായത്തുകളിലും, ഗ്രാമപഞ്ചായത്തുകളിലും shredded plastic വിനിയോഗിച്ച് പ്രവൃത്തികൾ നടപ്പിലാക്കുന്നുണ്ടെന്ന് അതാത് ജില്ലാപഞ്ചായത്തിലെ എക്സിക്യൂട്ടീവ് എഞ്ചിനീയർ ഉറപ്പുവരുത്തേണ്ടതാണ്. മേഖലാ സൂപ്രണ്ടിംഗ് എഞ്ചിനീയർമാർ അതാത് മേഖലയിൽ ഉൾപ്പെടുന്ന മുനിസിപ്പാലിറ്റികളിലും, കോർപ്പറേഷൻ സൂപ്രണ്ടിംഗ് എഞ്ചിനീയർമാർ അതാത് കോർപ്പറേഷനുകളിലും ടി നിർദ്ദേശം പാലിക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതാണ്.

Sd/-
**ചീഫ് എഞ്ചിനീയർ**

P 1592